ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) സംഘടനകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. (†)

(ബി) മാനദണ്ഡങ്ങൾ താഴെപറയുന്നവയാണ്:

1. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് മൂന്നു വർഷത്തിലേറെക്കാലം സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംഘടനകളായിരിക്കണം.

2. ആരോഗ്യ വിദ്യാഭ്യാസ കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംഘടനകളായിരിക്കണം.

3. സ്വന്തമായി സ്ഥാവര ജംഗമ വസ്തുവും, ഓഫീസ് കെട്ടിടവും ഉണ്ടായിരിക്കണം.

4. മൂന്നു വർഷത്തെ പ്രവർത്തന റിപ്പോർട്ടും, അംഗീകൃത ആഡിറ്റ് റിപ്പോർട്ടും ഉണ്ടായിരിക്കണം. മൂന്നു വർഷത്തെ പ്രവർത്തന രേഖകൾ പരിശോധിച്ച് ബോധ്യമായാൽ മാത്രമേ സംഘടനകളെ തിരഞ്ഞെടുക്കുകയുള്ളൂ.

(സി) സംസ്ഥാനത്ത് നിലവിൽ സന്നദ്ധ സംഘടനകൾ പ്രവർത്തിക്കാത്ത സ്ഥലങ്ങളിലും, ഇനിയും ഈ പ്രോജക്ടിന്റെ പരിധിയിൽ പെട്ടിട്ടില്ലാത്ത, മയക്കുമരുന്നു കുത്തിവയ്ക്കുന്നവർ, ലോറി ഡ്രൈവർമാർ തുടങ്ങിയവർക്കിടയിൽ പ്രവർത്തിക്കുവാനുമായി പുതിയ ഏതാനും സംഘടനകളെ തിരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്

ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിന് നടപടി

*15 [315] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉച്ചഭാഷിണികളുടെ ദുരുപയോഗം മൂലമുണ്ടാകുന്ന ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കുട്ടികൾ പൊതുപരീക്ഷയ്ക്കു തയ്യാറെടുക്കുന്ന ഫെബ്രുവരി-മാർച്ച് മാസങ്ങളിലെങ്കിലും ഉച്ചഭാഷിണികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഉച്ചഭാഷിണികൾ ഉണ്ടാക്കുന്ന ശബ്ദമലിനീകരണം കുട്ടികളിലും പ്രായാധിക്യമുള്ളവരിലും ശാരീരികവും മാനസികവുമായി ഉണ്ടാക്കുന്ന ദൂഷ്യഫലങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള കോടതി വിധികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

†അനുബന്ധം—III കാണുക

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശബ്ദമലിനീകരണത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പൊതുവായ അജ്ഞത പരിഗണിച്ച് ഉച്ചഭാഷിണിയുടെ ഉപയോഗം മൂലമുള്ള ദൂഷ്യഫലങ്ങൾ, നിയന്ത്രിക്കുന്നതിനുള്ള കോടതി നിർദ്ദേശങ്ങൾ, അതിൻമേൽ ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള വിവിധ നടപടികൾ, ഗവൺമെന്റ് നിർദ്ദേശം ലംഘിക്കുന്നവർക്കുള്ള ശിക്ഷ എന്നീ കാര്യങ്ങൾ ഉൾക്കൊള്ളുന്ന പത്രക്കുറിപ്പ് പൊതുജനങ്ങളുടെ അറിവിലേക്കായി പബ്ളിക് റിലേഷൻസ് വകുപ്പു മുഖാന്തിരം പ്രസിദ്ധം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) പരിസ്ഥിതി (സംരക്ഷണ) ആക്ട് 1986-ന്റെ കീഴിലുള്ള ശബ്ദമലിനീകരണ (ക്രമീകരണ നിയന്ത്രണ) നിയമം 2000-ന്റെ അടിസ്ഥാനത്തിലും പോലീസ് ആക്ടിലെ പ്രസക്ത വകുപ്പുകളുടെ അടിസ്ഥാനത്തിലും ഉച്ചഭാഷിണിയുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിന് പോലീസ് വകുപ്പിൽ നിന്നും 28-11-2002-ൽ യു6-30380/02 നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചു. പ്രസ്തുത വിജ്ഞാപനം പ്രകാരം ഉച്ചഭാഷിണി ഉപയോഗിക്കുന്നതിന് ലൈസൻസ് നൽകുന്നത് കർശനമായ നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടാണ്. ഇതിലെ വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (†)

കൂടാതെ ആഭ്യന്തര വകുപ്പിന്റെ 29-7-2002-ലെ വിജ്ഞാപനപ്രകാരം ഓരോ പ്രദേശത്തെയും അനുവദനീയമായ ശബ്ദത്തിന്റെ തോത് ബന്ധപ്പെട്ടവർ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ ജില്ലാ മജിസ്ട്രേറ്റുമാർ, പോലീസ് കമ്മീഷണർമാർ, പോലീസ് സൂപ്രണ്ടുമാർ എന്നിവരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

ഇതിനും പുറമേ 20-4-2002-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളെ വ്യാവസായിക, വാണിജ്യ, അധിവാസ അല്ലെങ്കിൽ നിശബ്ദ പ്രദേശങ്ങളായി തരംതിരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉച്ചഭാഷിണിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് അനുബന്ധത്തിലെ വിജ്ഞാപന പ്രകാരമുള്ള നടപടികൾ എടുക്കാൻ ബന്ധപ്പെട്ടവർ എല്ലായ്പ്പോഴും ബാധ്യസ്ഥരാണ്.

(സി) ഉണ്ട്. മുകളിൽ പറഞ്ഞ വിവിധ വിജ്ഞാപനങ്ങൾ, കോടതിവിധികളും മറ്റും കണക്കിലെടുത്താണ് പുറപ്പെടുവിച്ചിരിക്കുന്നത്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly